# പത്രക്കുറിപ്പ്

ബാലരാമപുരം വിദ്യാഭ്യാസ ഉപജില്ലയിൽ കട്ടച്ചൽക്കുഴി എസ്.എൻ. യു.പി. സ്കൂളിൽ വിവിധ ക്ലാസ്സുകളിൽ കുട്ടികളുടെ പ്രവേശനവുമായി ബന്ധപ്പെട്ട് തെറ്റായ യു.ഐ.ഡി. രേഖകൾ ശേഖരിച്ച് അധിക അധ്യാപക തസ്തികകൾ സൃഷ്ടിച്ച് അംഗീകാരം നേടിയെടുക്കുകയും പൊതുവിദ്യാഭ്യാസ വകുപ്പിനെ തെറ്റി ദ്ധരിപ്പിച്ച് അധ്യാപകർക്ക് ശമ്പളവും അലവൻസുകളും വാങ്ങി നൽകുന്നതു വഴി സർക്കാരിന് ഭീമമായ സാമ്പത്തിക ബാധ്യത ഉണ്ടാക്കിയിട്ടുള്ളതായ പരാതിയുടെ അടിസ്ഥാനത്തിൽ അഡീഷണൽ ഡയറക്ടറും (അക്കാദമിക്), സൂപ്പർചെക്ക് സെൽ ഓഫീസറും നടത്തിയ അപ്രതീക്ഷിത സ്കൂൾ സന്ദർശനത്തിൽ സ്കൂൾ പ്രവേശന ത്തിലെ ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്തു. ഇപ്രകാരം തെറ്റായ യു.ഐ.ഡി. രേഖകൾ ശേഖരിച്ച് കുട്ടികളുടെ എണ്ണം പെരുപ്പിച്ച് കാട്ടിയതിനും അധ്യാപകർക്ക് അനധികൃതമായി അംഗീകാരം നേടിയെടുക്കുകയും അവർക്ക് അന്യായമായി ശമ്പ ളവും മറ്റ് ആനുകൂല്യങ്ങളും വാങ്ങി നൽകിയതിന്റെ പേരിലും സ്കൂളിലെ ടീച്ചർ – ഇൻ-ചാർജ്ജിനേയും, ക്ലാസ്സ് ചാർജ്ജ് വഹിച്ചിരുന്ന മറ്റ് 24 അധ്യാപകരേയും സസ്പെൻഡ് ചെയ്തുകൊണ്ട് ഉത്തരവ് നൽകിയിരിക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

**U K SYAMALA**
**Additional Director of**
**Public Instruction (Academic)**
**Directorate of Public Instruction**
**Thiruvananthapuram- 14**